പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2229 27-10-2026-ൽ മറുപടിയ്ക്ക്

ആളൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. തോമസ് ഉണ്ണിയാടൻ	ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) ഇരിങ്ങാലക്കുട നിയോജകമണ്ഡലത്തിലെ ആളൂർ പോലീസ് സ്റ്റേഷന് കെട്ടിടം നിർമ്മിക്കാൻ ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് സ്വീകരിച്ച് വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

മറുപടി: തൃശ്ശൂർ റൂറൽ പോലീസ് ജില്ലയിലെ ഇരിങ്ങാലക്കുട നിയോജക മണ്ഡലത്തിൽ, നിലവിൽ കല്ലേറ്റുംകര സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന ആളൂർ പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമിക്കുന്നതിനായി ആളൂർ ഗ്രാമപഞ്ചായത്ത് അനുവദിച്ച സ്ഥലം പോലീസ് വകുപ്പിന് കൈമാറിക്കിട്ടുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർക്ക് കത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ നടന്നു വരുന്നു.

(ബി) പ്രസ്തുത സ്ഥലത്ത് പോലീസ് സ്റ്റേഷൻ കെട്ടിടം നിർമ്മിക്കുന്നതിൽ എന്തെല്ലാം തടസ്സങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(സി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ നിർമ്മാണം ആധുനിക രീതിയിൽ നടത്തുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

മറുപടി: ആളൂർ പോലീസ് സ്റ്റേഷൻ കെട്ടിടനിർമാണത്തിനായി ഗ്രാമ പഞ്ചായത്ത് അനുവദിച്ച സ്ഥലം പോലീസ് വകുപ്പിന് കൈമാറുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക്, കെട്ടിട നിർമാണത്തിനുള്ള പ്രൊപ്പോസൽ സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ